# Malayala Manorama

## 17 August 2018

## Kerala Dams

# തോരുന്നില്ല...

## അണക്കെട്ടുകൾ തുറന്നുതന്നെ; നിറഞ്ഞൊഴുകി നദികൾ

### കണ്ണൂർ

പഴശ്ശി സംഭരണി തുറന്നു. കീഴല്ലൂർ, ചാലിപ്പറമ്പ്, വേങ്ങാട്, കല്ലായി, ഊർപ്പള്ളി, ചാമ്പാട്, പാളയം പ്രദേശങ്ങളിൽ വെള്ളം കയറി. റോഡുകളും മുങ്ങി.

### കോഴിക്കോട്

കക്കയം ഡാമും പെരുവണ്ണാമൂഴി ഡാമും തുറന്നിട്ടുണ്ട്. ഇരുവഞ്ഞിപ്പുഴ കരകവിഞ്ഞ് തിരുവമ്പാടി, മുക്കം, കാരശ്ശേരി പഞ്ചായത്തുകളിലും പൂനൂർപുഴ നിറഞ്ഞ് പൂനൂർ, നെല്ലാങ്കണ്ടി, വാവാട്, മൂഴിക്കൽ, വേങ്ങേരി പ്രദേശങ്ങളിലും ചെറുപുഴ നിറഞ്ഞതോടെ ഈങ്ങാപ്പുഴ, അടിവാരം എന്നിവിടങ്ങളിലും വെള്ളപ്പൊക്കമുണ്ടായി. ചാലിയാർ കരകവിഞ്ഞു മാവൂർ പഞ്ചായത്തിലെ പ്രദേശങ്ങളിലും കല്ലായിപ്പുഴ നിറഞ്ഞ് കോഴിക്കോട് നഗരത്തിലും വെള്ളപ്പൊക്കം.

### വയനാട്

ബാണാസുരസാഗർ, കാരാപ്പുഴ ഡാമുകൾ തുറന്നിട്ടുണ്ട്. കബനി നദി പലയിടങ്ങളിലും കരകവിഞ്ഞൊഴുകുന്നു. ചെറിയ തോടുകളും പുഴകളുമെല്ലാം നിറഞ്ഞൊഴുകുന്നു. മാനന്തവാടി, വൈത്തിരി താലൂക്കുകളിലാണു കൂടുതൽ ദുരിതം.

### മലപ്പുറം

ഭാരതപ്പുഴ, ചാലിയാർ, കടലുണ്ടിപ്പുഴ എന്നിവ കരകവിഞ്ഞു. ഭാരതപ്പുഴയുടെ ജലനിരപ്പ് എക്കാലത്തെയും റെക്കോർഡിലെത്തി. കടലുണ്ടിപ്പുഴയുടെ പരിസരപ്രദേശങ്ങളിൽനിന്ന് 1500 കുടുംബങ്ങളെയും ഭാരതപ്പുഴയുടെ തീരത്തുനിന്ന് 150 കുടുംബങ്ങളെയും മാറ്റിപ്പാർപ്പിച്ചു. ഭാരതപ്പുഴ കരകവിഞ്ഞതോടെ പൊന്നാനി നഗരസഭയുടെ മുഴുവൻ പ്രദേശങ്ങളും വെള്ളത്തിലായി.

### പാലക്കാട്

മുഴുവൻ ഡാമുകളിലും പരമാവധി സംഭരണശേഷി കവിഞ്ഞു. ജലനിരപ്പ് ഇങ്ങനെ: മംഗലം - 259 അടി, പോത്തുണ്ടി - 55 അടി, മീങ്കര - 39 അടി, ചുള്ളിയാർ - 57.5 അടി, വാളയാർ - 664 അടി, കാഞ്ഞിരപ്പുഴ - 309 അടി. പ്രധാന അണക്കെട്ടായ മലമ്പുഴയുടെ ജലനിരപ്പ് 377.5 അടി, പുറത്തേക്ക് ഒഴുക്കുന്നത് സെക്കൻഡിൽ 11,800 ഘനയടി വെള്ളം. ഭാരതപ്പുഴ, ചിറ്റൂർപുഴ, കോരയാർ, ഗായത്രി, കുന്തി, തൂത, മംഗലം എന്നിവയെല്ലാം കരകവിഞ്ഞൊഴുകുന്നതിനാൽ പാലക്കാട് നഗരത്തിലെ കൽപാത്തി, പറളി, ഒറ്റപ്പാലം, ഷൊർണൂർ, പട്ടാമ്പി, ചിറ്റൂർ, വാളയാർ, ആലത്തൂർ, കൊല്ലങ്കോട്, മണ്ണാർക്കാട്, ചെർപ്പുളശേരി, കൊപ്പം തുടങ്ങിയ മേഖലകളിൽ വെള്ളപ്പൊക്കം.

### കോട്ടയം

കൊടൂരാർ, മീനച്ചിലാർ, മൂവാറ്റുപുഴയാർ എന്നിവയിലെ ജലനിരപ്പ് ഉയരുന്നതാണ് വെള്ളപ്പൊക്കത്തിനു കാരണം. താഴത്തങ്ങാടി, ഇല്ലിക്കൽ, തിരുവാർപ്പ്, കുമ്മനം, അയ്മനം, കുമാരനല്ലൂർ, സംക്രാന്തി, നാഗമ്പടം, വിജയപുരം, നട്ടാശേരി, ഇറഞ്ഞാൽ, മാങ്ങാനം സ്കൂൾ ഭാഗം, വടവാതൂർ, പേരൂർ, ആർപ്പൂക്കര, വൈക്കം, വടയാർ, തലയോലപ്പറമ്പ്, മറവൻതുരുത്ത്, ചെമ്മനത്തുകര,
ചെമ്മനാകരി, ചങ്ങനാശേരി നഗരസഭ, പായിപ്പാട്, വാഴപ്പള്ളി പ്രദേശങ്ങൾ ദുരിതത്തിൽ.

### പത്തനംതിട്ട

പത്തനംതിട്ടയിലെ അണക്കെട്ടുകൾ പരമാവധി സംഭരണശേഷിയിൽ. വെള്ളപ്പൊക്കം നിയന്ത്രണാതീതമായപ്പോൾ ഷട്ടറുകൾ താഴ്ത്തിയെങ്കിലും ഇത് എത്രനേരം തുടരാനാകുമെന്ന് ആശങ്ക. കക്കി - ആനത്തോട് അണക്കെട്ടിൽ 981.30 മീറ്റർ വെള്ളമുണ്ട്. പരമാവധി ശേഷി 981.46 മീറ്റർ. ഇവിടെ നാലു ഷട്ടറുകളും ആറടി വീതം ഉയർത്തിയിട്ടുണ്ട്. കൊച്ചുപമ്പ അണക്കെട്ടിൽ 985.8 മീറ്റർ വെള്ളം. പരമാവധി ശേഷി 986.3 മീറ്റർ. ആറു ഷട്ടറുകളിൽ രണ്ടെണ്ണം രണ്ടടി വീതവും നാലു ഷട്ടറുകൾ മൂന്നടി വീതവും ഉയർത്തിയിട്ടുണ്ട്. മഴപ്രദേശത്തു ശക്തമായ നീരൊഴുക്കു തുടരുന്നതിനാൽ ഏതു സമയവും ഷട്ടറുകൾ കൂടുതൽ ഉയർത്താൻ സാധ്യത.

### കൊല്ലം

തെന്മല പരപ്പാർ ഡാമിലെ ജലനിരപ്പ് 385.52 അടിയായി. ഡാമിന്റെ സംഭരണശേഷി 386.02 അടിയാണ്. മഴ തുടർന്നാൽ ഏതു നിമിഷവും ഡാം നിറയും. തെന്മലയിൽനിന്ന് ഉദ്ഭവിക്കുന്ന കല്ലടയാർ അഷ്ടമുടിക്കായലിൽ ചെന്നു ചേരുന്നിടം വരെയുള്ള തീരപ്രദേശങ്ങൾ ഭൂരിഭാഗവും വെള്ളത്തിലാണ്.
ഇതോടെ ഡാമിന്റെ ഷട്ടറുകൾ ഉയർത്തിയിരുന്നത് അഞ്ചടിയിലേക്കു താഴ്ത്തി. സെക്കൻഡിൽ 45837 ഘന അടി വെള്ളമാണു പുറത്തേക്കൊഴുകുന്നത്. പുറമേ, കല്ലട ജലവൈദ്യുത പദ്ധതിയിൽ വൈദ്യുതി ഉൽപാദനത്തിനുശേഷം സെക്കൻഡിൽ 1446 ഘന അടി വെള്ളവും.

ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ്

**2402.2** അടി

(പരമാവധി സംഭരണശേഷി 2403 അടി)

മുല്ലപ്പെരിയാർ ജലനിരപ്പ്

**141.95** അടി

(എത്ര വെള്ളം പുറത്തേക്ക് എന്നതിന്റെ കണക്കു പുറത്തുവിട്ടിട്ടില്ല.)

### തിരുവനന്തപുരം

പേപ്പാറ ഡാമിന്റെ മൂന്നു ഷട്ടറുകളും 1.5 മീറ്റർ ഉയർത്തി. സംഭരണശേഷി 110.5 മീറ്ററാണെങ്കിലും വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ശുപാർശയനുസരിച്ച് 107.5 മീറ്റർ മാത്രമേ പരമാവധി സംഭരിക്കാൻ കഴിയൂ. അരുവിക്കര ഡാമിന്റെ ആറ് ഷട്ടറുകളിൽ അഞ്ചെണ്ണവും തുറന്നെങ്കിലും ഇന്നലെ ഒരെണ്ണം അടച്ചു. നാലു ഷട്ടറുകൾ 3.80 മീറ്റർ തുറന്നിരിക്കുകയാണ്.
നെയ്യാർ ഡാമിന്റെ എല്ലാ ഷട്ടറുകളും ബുധനാഴ്ച 12 അടി ഉയർത്തിയതിനെ തുടർന്ന് കാട്ടാക്കട, നെയ്യാറ്റിൻകര മേഖലകളിൽ മിക്ക സ്ഥലങ്ങളിലും വെള്ളം കയറി. ഇന്നലെ രാവിലെ ഇതു നാലടിയായി കുറച്ചു.

### എറണാകുളം

ഭൂതത്താൻകെട്ട് അണക്കെട്ടിൽ പരമാവധി സംഭരണശേഷി (35 മീറ്റർ) കവിഞ്ഞു. ഇടമലയാർ അണക്കെട്ടിലെ നാലു ഷട്ടറുകളിൽ നിന്നുമായി സെക്കൻഡിൽ 1200 ഘനമീറ്റർ വെള്ളം തുറന്നു വിടുന്നു.



### തൃശൂർ

ചിമ്മിനി ഡാമും വാഴാനി ഡാമും നിറഞ്ഞു തുളുമ്പുന്നു. ചിമ്മിനിയിൽ നാലു ഷട്ടറുകളും പരമാവധി തുറന്നുവച്ചിരിക്കുകയാണ്. വാഴാനി ഡാമിൽനിന്ന് ഒഴുകിയെത്തുന്ന വെള്ളത്തിൽ മുങ്ങിയിരിക്കുകയാണു വീടുകൾ പലതും. പെരിങ്ങൽക്കുത്ത് ഡാമിന്റെ ആറു ഷട്ടറുകളും രണ്ട് വാൽവുകളും പരമാവധി തുറന്നുവച്ചിരിക്കുകയാണ്. പീച്ചി ഡാമിലെ നാലു ഷട്ടറുകളും 58 ഇഞ്ച് വീതം തുറന്നിട്ടുണ്ട്. ചിമ്മിനി ഡാമിലേക്കുള്ള വൈദ്യുതിബന്ധം നിലച്ചതിനാൽ ഇവിടെ ജലവൈദ്യുത പദ്ധതി പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്.

### ഇടുക്കി

മുല്ലപ്പെരിയാർ, ചെറുതോണി, മലങ്കര, മാട്ടുപ്പെട്ടി, ഇരട്ടയാർ, പൊൻമുടി, കല്ലാർ, കല്ലാർകുട്ടി, ലോവർ പെരിയാർ അണക്കെട്ടുകൾ തുറന്നിരിക്കുന്നു. തൊടുപുഴയാർ, പെരിയാർ, മുതിരപ്പുഴയാർ, പന്നിയാർപുഴ, കല്ലാർ പുഴ, ദേവിയാർ പുഴ, കാളിയാർ പുഴ, കട്ടപ്പനയാർ എന്നിവയെല്ലാം കരകവിഞ്ഞൊഴുകുന്നു. മൂന്നാർ മേഖലയിലെ പല പ്രദേശങ്ങളും ഇപ്പോഴും വെള്ളത്തിനടിയിൽ.

### ആലപ്പുഴ

പമ്പ, അച്ചൻകോവിലാർ, കുട്ടംപേരൂരാർ എന്നിവ കരകവിഞ്ഞതോടെ ചെന്നിത്തല, മാന്നാർ പഞ്ചായത്തുകളുടെ പടിഞ്ഞാറൻ മേഖല മുഴുവൻ ദുരിതത്തിലായി. ബുധനൂർ പഞ്ചായത്തിന്റെ തെക്കും വടക്കും ഭാഗങ്ങൾ, വീയപുരം ഇരതോട്, മങ്കോട്ട, പാറേച്ചിറ, മണിയങ്കേരി, മേൽപാടം, പായിപ്പാട്, കാരിച്ചാൽ, വെള്ളംകുളങ്ങര, പാണ്ടി, പടിഞ്ഞാറേ പോച്ച, ആനാരി, മുടീക്കുഴി എന്നിവിടങ്ങളും വെള്ളക്കെട്ടിലാണ്.